പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2155 | 6/10/2016-ൽ മറുപടിക്ക്

## കെ. ടെറ്റ് യോഗ്യത

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.കെ.സി. മമ്മത് കോയ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) കെ. ടെറ്റ് യോഗ്യത നേടുന്നതിന് പ്രൈമറി അദ്ധ്യാപകർക്ക് 2018 വരെ അനുവദിച്ച സമയം 2015-16 വരെ നിയമനം അംഗീകാരം ലഭിച്ചവർക്കായി പരിമിതപ്പെടുത്തിയതു മൂലം 2015-16 വർഷത്തിനു മുൻപ് തന്നെ അധിക തസ്തികയിൽ നിയമനം ലഭിച്ച് രണ്ടും അതിലധികവും വർഷം ജോലി ചെയ്തിട്ടും സാങ്കേതിക കാരണങ്ങളാൽ അംഗീകാരം ലഭിക്കാതെ പോയവർക്ക് ജോലി നഷ്ടപ്പെടും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) തസ്തിക നിർണ്ണയം നിരസിക്കപ്പെട്ടതിനാൽ നിശ്ചിത സമയത്ത് അംഗീകാരം ലഭിക്കാതിരിക്കുകയും രണ്ടിലധികം വർഷം ജോലി ചെയ്യുകയും ചെയ്തവർക്കും കൂടി കെ.ടെറ്റ് എഴുതുന്നതിനുള്ള അവസരം സൃഷ്ടിക്കുമോ? | (ബി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഏർപ്പെടുത്തിയ യോഗ്യത നേടുന്നതിൽ നിന്ന് ഇളവ് നൽകുന്നതിനുള്ള സമയപരിധി അനന്തമായി ദീർഘിപ്പിക്കുന്നതിന് സാങ്കേതികമായി പ്രയാസങ്ങൾ ഉണ്ട്. തസ്തിക നിർണയം നടക്കാത്തത് മൂലം നിയമനാംഗീകാരം ലഭിക്കാതിരിക്കുന്നവർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിനുള്ള സമയപരിധി അവസാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ